**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2930** **03-08-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടിയിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസ് സർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടിയിൽ നിന്ന് തീക്കുനി, ആയഞ്ചേരി, മേമുണ്ട വഴി വടകരയിൽ എത്തിച്ചേരുന്നതിനും കുറ്റ്യാടി, വലകെട്ട്, പെരുവയൽ, കാട്ടിയങ്ങാട്, പേരാമ്പ്ര വഴി കോഴിക്കോട് പോകുന്നതിനും പൊതുഗതാഗതമില്ലാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുറ്റ്യാടിയിൽ നിന്ന് തീക്കുനി, ആയഞ്ചേരി, മേമുണ്ട വഴി വടകരയിൽ എത്തിച്ചേരുന്നതിന് കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ് ആരംഭിക്കണം എന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കുറ്റ്യാടി, വലകെട്ട്, പെരുവയൽ, കാട്ടിയങ്ങാട്, പേരാമ്പ്ര വഴി കോഴിക്കോട് എത്തിചേരുന്നതിന് സർവ്വീസ് ആരംഭിക്കണം എന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കുറ്റ്യാടിയിൽ നിന്ന് വ്യാപാരത്തിനും, ജോലിക്കും, ചികിത്സയ്ക്കുമായി വടകരയിലും കോഴിക്കോട്ടും എത്തിച്ചേരുന്നതിനുള്ള പ്രധാന ഗതാഗത മാർഗ്ഗമായ കെ.എസ്.ആർ.ടി.സി. ബസ്സുകൾ പ്രസ്തുത റൂട്ടുകൾ വഴി സർവ്വീസ് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നത് അറിയിക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സർവ്വീസ് നടത്തുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ സാധ്യതാ പഠനം നടത്തിയതിനു ശേഷം മാത്രമേ കുറ്റ്യാടിയിൽ നിന്ന് വടകരയിലും കോഴിക്കോട്ടേക്കും സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത പരിഗണിക്കാൻ സാധിക്കുകയുള്ളു. |
| (സി) | പ്രസ്തുത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സർവ്വീസ് നടത്തുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ സാധ്യതാ പഠനം നടത്തിയതിനു ശേഷം മാത്രമേ കുറ്റ്യാടിയിൽ നിന്ന് വടകരയിലും കോഴിക്കോട്ടേക്കും സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത പരിഗണിക്കാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ